പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1221 — 11..02..2016 ൽ മറുപടിയ്ക്ക്.

## അനധികൃതമായി നികത്തപ്പെട്ട നെൽവയലുകളും തണ്ണീർത്തടങ്ങളും

ചോദ്യം
ശ്രീ.കെ.വി.വിജയദാസ്
,, സി.കൃഷ്ണൻ
,, സി.കെ സദാശിവൻ
,, ബാബു എം. പാലിശ്ശേരി :

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അനധികൃതമായി നികത്തപ്പെട്ട നെൽവയലുകളും തണ്ണീർത്തടങ്ങളും ക്രമവൽക്കരിച്ചു നല്കുന്നതിനുള്ള തീരുമാനം സംസ്ഥാനത്തെ നെൽ-വയലുകളുടെയും തണ്ണീർത്തടങ്ങ-ളുടെയും വിസ്തൃതി ഗണ്യമായി കുറയുന്നതിന് കാരണമാകുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; | (എ) | 12..08..2008 ന മുമ്പ് അനധികൃത-മായി നികത്തിയ നെൽവയലുകൾ മാത്രം ക്രമവൽക്കരിച്ചു നൽകുന്നതി-നുള്ള തീരുമാനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ആയതിനാൽ GO(P) 611/2015/RD പ്രകാരം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പ്രതിപാദിക്കുന്ന ഡാറ്റാബാങ്കിൽ ഉൾപ്പെട്ട നിലവി-ലുള്ള നെൽവയലുകളോ തണ്ണീർത്ത-ടങ്ങളോ നികത്തുവാനോ ക്രമവൽക്ക-രിക്കാനോ സാധിക്കുകയില്ല. |
| (ബി) | 2008 ആഗസ്റ്റ് 12 ന് മുമ്പ് നികത്തപ്പെട്ട ഭൂമിയാണോ എന്ന് പരിശോധിക്കുന്നതിന് സംവിധാ-നമുണ്ടോ; | (ബി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം 12..08..2008 ന് നിലവിലുള്ള |

| | | | |
|---|---|---|---|
| | | | നെൽവയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവ ഡാറ്റാബാങ്കിൽ ഉൾപ്പെട്ടേണ്ടതാണ്. ഡാറ്റാബാങ്കിൽ ഇപ്രകാരം ഉൾപ്പെടാത്ത ഭൂമിയാണ് 12..08..2008 ന് മുമ്പ് നികത്തിയതായി കണക്കാക്കുന്നത്. |
| (സി) | സംസ്ഥാനത്ത് കരട് ഡാറ്റാ ബാങ്കിൽ നിക്ഷിപ്തമായ അളവ് എത്രയാണ്; ഡാറ്റാബാങ്കിന്റെ പ്രവർത്തനം നിലവിൽ നടക്കുന്നുണ്ടോ; | (സി) | ഡറ്റാബാങ്ക് തയ്യാറാക്കിയിട്ടുള്ളത് പഞ്ചായത്തുകൾ അടിസ്ഥാനമാക്കിയാണ്. ആയത് തയ്യാറാക്കുന്നതിനുള്ള അധികാരം കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതികളിൽ നിക്ഷിപ്തമാണ്. ആയതിനാൽ ഡാറ്റാബാങ്കിൽ നിക്ഷിപ്തമായ അളവ് എത്രയെന്നത് റവന്യൂ വകുപ്പിൽ ക്രോഡീകരിച്ചിട്ടില്ല. |
| (ഡി) | അനധികൃതമായി നികത്തിയ ഭൂമി ക്രമവല്ക്കരിക്കുന്നതിന്റെ മറവിൽ തണ്ണീർത്തടങ്ങളും കൃഷിഭൂമിയും തരംമാറ്റപ്പെടാനുള്ള സാദ്ധ്യത കണക്കിലെടുത്തിട്ടുണ്ടോ; ഇത് അഴിമതിക്ക് കാരണമാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (ഡി) | ക്രമവൽക്കരണത്തിന്റെ മറവിൽ നിലവിലുള്ള തണ്ണീർത്തടങ്ങളും കൃഷിഭൂമിയും തരം മാറ്റാൻ സാധിക്കുകയില്ല. 12..08..2008 ന് മുമ്പ് അനധികൃതമായി നികത്തിയ നെൽവയലുകൾക്കു മാത്രമെ ക്രമവൽക്കരണം ബാധകമാകുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഇ) | നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തെ അപ്രസക്തമാക്കുന്നതും കൃഷിഭൂമി ഭൂമാഫിയകൾക്ക് തീറെഴുതുന്നതുമായ സർക്കാർ വിജ്ഞാപനം പിൻവലിക്കുന്നതിനും നടപടി പുനഃപരിശോധിക്കുന്നതിനും തയ്യാറാകുമോ? | (ഇ) | നിലവിൽ ഇതു സംബന്ധിച്ച യാതൊരു നടപടിക്രമങ്ങളും അനുവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ